(ഇ) അടിസ്ഥാന സൗകര്യങ്ങളുടേയും സാങ്കേതിക പരിജ്ഞാനം ലഭിച്ച വിദഗ്ദ്ധരുടേയും അഭാവംമൂലവുമാണ് ചില ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ വരുന്നത്. ഇതിനു പരിഹാരമായി ആരോഗ്യ വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായുള്ള "സ്റ്റേറ്റ് ഹോസ്പിറ്റൽ എക്യുപ്മെന്റ്സ് പെർഫോമൻസ് മോണിട്ടറിംഗ് സെൽ" രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(എഫ്) നഷ്ടം തിട്ടപ്പെടുത്തിയിട്ടില്ല.

എയിഡ്സ് ബാധിതർക്ക് സൗജന്യ ചികിത്സാ പദ്ധതി

*12 [392] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

„ കെ. കുട്ടി അഹമ്മദ് കുട്ടി:

„ സി. മോയിൻ കുട്ടി:

„ കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുപതിനായിരത്തോളം എച്ച്.ഐ.വി. വാഹകരുള്ള നമ്മുടെ സംസ്ഥാനത്ത് എയിഡ്സ് രോഗ ബാധിതർക്ക് സൗജന്യ മരുന്ന് വിതരണം ചെയ്യുന്ന പദ്ധതിക്കുവേണ്ടി മരുന്ന് ലഭ്യമാക്കാനുള്ള കരാർ ഏതെല്ലാം കമ്പനികൾക്കാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ദീർഘകാലത്തെ ചികിത്സകൊണ്ടുമാത്രം ഭേദമാകുന്ന എയ്ഡ്സിന് ഹ്രസ്വകാല ചികിത്സാ പദ്ധതി ആവിഷ്ക്കരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഹ്രസ്വകാല ചികിത്സയ്ക്കുശേഷം സ്വന്തം ചെലവിൽ മരുന്ന് വാങ്ങേണ്ടി വരുന്നതുമൂലം ഭീമമായ തുക രോഗികൾക്ക് ചെലവഴിക്കേണ്ടി വരുമെന്ന കാര്യം മുൻകൂട്ടി കണ്ടിട്ടുണ്ടോ;

(ഡി) ഇത് കുത്തക മരുന്ന് കമ്പനികൾക്ക് സഹായകമായ സാഹചര്യം സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) എയ്ഡ്സ് ബാധിതർക്ക് സൗജന്യ മരുന്ന് വിതരണം ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകി വരുന്നതേയുള്ളൂ. ഇത് സംബന്ധിച്ച് ഏതെങ്കിലും കമ്പനികളുമായി കരാറുകളിലോ ധാരണാപത്രത്തിലോ ഇതുവരെ ഏർപ്പെട്ടിട്ടില്ല.

(ബി) നിലവിലുള്ള ഒരു ചികിത്സാ രീതിയും ദീർഘകാലം കൊണ്ടോ ഹ്രസ്വകാലം കൊണ്ടോ എയ്ഡ്സിനെ പൂർണ്ണമായും ഭേദമാക്കുമെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. എന്നാൽ ആന്റി റിട്രോ വൈറൽ ഡ്രഗ്സ് (ARV) എന്നറിയപ്പെടുന്ന മരുന്നുകൾ കഴിച്ച് ജീവിതകാലം ദീർഘിപ്പിക്കാനാവുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ മരുന്നുകൾ ഡോക്ടർമാരുടെ നിരീക്ഷണത്തിലും, ഓരോ രോഗിയും വ്യത്യസ്തമായ രീതിയിലുമാണ് നൽകേണ്ടത്. ഒന്നാംഘട്ടത്തിൽ എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കാലക്രമേണ എല്ലാ ജില്ലാതല ആശുപത്രികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഒരു ദീർഘകാല ആരോഗ്യ പദ്ധതിയാണിത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എ.ആർ.വി. മരുന്നുകൾ ചെലവേറിയതായതുകൊണ്ട് സാധാരണക്കാരായ രോഗികൾക്ക് മരുന്നു ലഭ്യമാകുവാനും, മരുന്നുകളുടെ വിതരണം സുഗമമാക്കുവാനും വേണ്ടി ആരോഗ്യ വകുപ്പിന്റെ സി.പി.സി. (സെൻട്രൽ പർച്ചേസ് കമ്മിറ്റി)-യിൽ ചേർക്കാൻ നടപടി എടുത്തുവരുന്നു.

(ഡി) സി.പി.സി. നടപടിക്രമങ്ങൾക്കനുസരണമായി മാത്രമേ മരുന്നുകൾ വാങ്ങുകയും വിതരണം ചെയ്യുകയുമുള്ളൂ എന്നതിനാൽ മരുന്നുകമ്പനികൾക്ക് സഹായകമായ സാഹചര്യം സൃഷ്ടിക്കപ്പെടുമെന്ന് കരുതുന്നില്ല.

വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ശുപാർശകൾ

*13 [393] ശ്രീ. കെ. കെ. ജയചന്ദ്രൻ:

„ കെ. വി. കുഞ്ഞിരാമൻ:

„ മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എന്തെല്ലാം ശുപാർശകളാണ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) വൈദ്യുതി ബോർഡിൽ വി.ആർ.എസ്. നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) 2003-04-ൽ കമ്മീഷൻ അനുവദിച്ച പരിധിക്കപ്പുറം കടമെടുത്തത് സംബന്ധിച്ച് ബോർഡിനോട് വിശദീകരണം ചോദിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്ത് മറുപടി നൽകിയെന്ന് വ്യക്തമാക്കാമോ;

(ഇ) ബോർഡിന്റെ ദൈനംദിന കാര്യങ്ങളിൽ ഇടപെടാൻ കമ്മീഷന് അധികാരമുണ്ടോ; എങ്കിൽ ഏത് അധികാരം ഉപയോഗിച്ചാണ് ഇപ്രകാരം ചെയ്യുന്നതെന്ന് അറിയിക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) 2004-05 സാമ്പത്തിക വർഷത്തിൽ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ വൈദ്യുതി ബോർഡ് സർക്കാരിലേയ്ക്ക് അടയ്ക്കാനുള്ള 200 കോടി രൂപയ്ക്ക് ഇളവ് അനുവദിയ്ക്കുവാൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ സബ്സിഡിയിനത്തിൽ 96 കോടി രൂപ വൈദ്യുതി ബോർഡിന് നൽകാൻ കഴിയുമോയെന്ന് ആരാഞ്ഞിട്ടുണ്ട്.

(ബി) ഇല്ല.

(സി) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly